മാതൃഭൂമി

01 July 2020

# കേരളത്തിലെ മത്സ്യലഭ്യതയിൽ ഇടിവ്

**കൊച്ചി** ▸ കേരളത്തിലെ മൊത്ത മത്സ്യലഭ്യതയിൽ 2019-ൽ 15.4 ശതമാനം ഇടിവ്. കേന്ദ്ര സമുദ്രോത്പന്ന ഗവേഷണസ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) വാർഷിക പഠന റിപ്പോർട്ടിലാണിത് പറയുന്നത്. മത്തിയുടെ ലഭ്യത ഇരുപതുവർഷത്തിനിടെയുണ്ടായ ഏറ്റവും താഴ്ന്നനിലയിലേക്ക് കൂപ്പുകുത്തി.

44,320 ടൺ മത്തിയാണ് കഴിഞ്ഞവർഷം സംസ്ഥാനത്ത് ലഭിച്ചത്. 2018-ൽ ഇത് 77,093 ടൺ ആയിരുന്നു. സമുദ്ര ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ മത്തിയുടെ വളർച്ചയെ കാര്യമായി ബാധിക്കുന്നതാണ് കാരണം. അയല മുൻവർഷത്തെക്കാൾ 50 ശതമാനമാണ് കേരളത്തിൽ കുറഞ്ഞത്. ലഭിച്ചത് 40,554 ടൺ. 2018-ൽ കേരളത്തിൽ ഏറ്റവുംകൂടുതൽ ലഭിച്ച മത്സ്യമായിരുന്നു അയല. ഇത്തവണ കൊഴുവ(നത്തോലി)യാണ് സംസ്ഥാനത്ത് ഏറ്റവുംകൂടുതൽ പിടിച്ച മത്സ്യം (74,194 ടൺ).



**മത്തിലഭ്യത 20 വർഷത്തെ താഴ്ന്ന നിലയിൽ**